"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**മത്സ്യബന്ധന വകുപ്പ് - 2026 ലെ ട്രോളിംഗ് നിരോധന കാലയളവിൽ യന്ത്രവത്കൃത ബോട്ടുകളിലെ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികൾക്കും സാജന്യ റേഷൻ അനുവദിച്ചു നൽകിയ ഉത്തരവ് - ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.392/2026/F&P തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- 1. 29.06.2026-ലെ GO(Rt)no. 364/2026/F&P നമ്പർ ഉത്തരവ്.

2. 04.07.2026-ലെ ഫിഷറീസ് ഡയറക്ടറുടെ DFTVM/1402/2026-G2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2026 ലെ ട്രോളിംഗ് നിരോധന കാലയളവിൽ യന്ത്രവത്കൃത ബോട്ടുകളിലെ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികൾക്കും സാജന്യ റേഷൻ നൽകുന്നതിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു.

2. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ പ്രകാരമുള്ള 52 കിലോ ഗ്രാം ഭക്ഷ്യ ധാന്യത്തിൽ 21 കിലോ ഗ്രാം ജൂൺ മാസത്തിനും 31 കിലോഗ്രാം ജൂലൈ മാസത്തിനുമായി മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് സിവിൽ സപ്ലൈസ് കമ്മീഷണർക്ക് ഉത്തരവിന്റെ പകർപ്പും കത്തും ഫിഷറീസ് ഡയറക്ടർ നൽകിയതിനെത്തുടർന്ന്, NPS/NPNS വിഭാഗം കുടുംബങ്ങളുടെ 2026 ജൂലൈ മാസത്തെ സാധാരണ റേഷൻ വിഹിതം നിലവിൽ സൗജന്യമായി സജ്ജീകരിച്ചിട്ടുള്ളതാണ്. എന്നാൽ, 2026-ൽ TIDE OVER വിഭാഗത്തിൽ ഭക്ഷ്യധാന്യങ്ങൾ നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ, ജൂലൈ മാസത്തിൽ സാധാരണ സൗജന്യ റേഷൻ വിഹിതത്തിന് പുറമേ 31 കിലോഗ്രാം അധിക ഭക്ഷ്യധാന്യം സൗജന്യമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ അരി നിലവിൽ ലഭ്യമല്ല. ആയതിനാൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ OMSS പദ്ധതിയിലൂടെ അരി വാങ്ങിയാൽ മാത്രമേ അധിക വിഹിതം വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. ഫിഷറീസ് വകുപ്പ് നൽകിയ പട്ടിക പ്രകാരം പ്രാഥമികമായി 5222 NPS/NPNS കാർഡ് ഉടമകളാണ് ഈ ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കൂടാതെ, ഇപ്രകാരം സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിന്, നിലവിലുള്ള സർക്കാർ ഉത്തരവിൽ NPS/NPNS കാർഡ് ഉടമകൾക്കുള്ള അധിക സൗജന്യ ഭക്ഷ്യധാന്യത്തിന്റെ അളവ് വ്യക്തമാക്കിക്കൊണ്ടുള്ള ഭേദഗതി ഉത്തരവ് ആവശ്യമാണ് എന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു. ആയതിനാൽ 2026 ലെ ട്രോൾ ബാൻ കാലത്ത് (ജൂൺ, ജൂലൈ മാസങ്ങളിൽ) തൊഴിൽ നഷ്ടപ്പെട്ടന്ന മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും അനുവദിച്ചിട്ടുള്ള ആകെ 52 കിലോഗ്രാം ഭക്ഷ്യധാന്യം ഒരു കിലോഗ്രാമിന് ഏകദേശം 29/- രൂപാ നിരക്കിൽ 5222 NPS, NPNS റേഷൻ കാർഡ് ഉടമകൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള ഏകദേശ തുകയായ 78,74,776/- രൂപയും, വില നൽകി റേഷൻ കൈപ്പറ്റുന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന NPS, NPNS കുടുംബങ്ങളുടെ ജൂലൈ മാസത്തെ അർഹമായ റേഷൻ സാധനങ്ങൾ സൌജന്യമായി നൽകുന്നതിന് ചെലവാകുന്ന 4,80,363.20/-രൂപയും ഉൾപ്പെടെ **ആകെ 83,55,139.20/- രൂപ (എൺപത്തി മൂന്ന് ലക്ഷത്തി അൻപത്തഞ്ചായിരത്തി ഒരുന്റ്റി മുപത്തിയൊൻപത് രൂപ മാത്രം) 2405-00-121-95 (NP) എന്ന ശീർഷകത്തിൽ**

**അനുവദിച്ച് നൽകുന്നതിനും,** സൗജന്യമായി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ അളവായ 52 കിലോ ഗ്രാം കൂടി ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശുപാർശ പരിഗണിച്ച്, 2026-ലെ ട്രോൾ ബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും 52 കിലോഗ്രാം ഭക്ഷ്യധാന്യം സൗജന്യമായി വിതരണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ 30 ലക്ഷം രൂപയ്ക്ക് പുറമെ അധികമായി ആവശ്യമായിവരുന്ന **₹53,55,139.20/- രൂപ (അൻപത്തി മൂന്ന് ലക്ഷത്തി അൻപത്തഞ്ചായിരത്തി ഒരുന്നൂറ്റി മുപ്പത്തിയൊൻപത് രൂപ മാത്രം) 2405-00-121-95 (NP) എന്ന ശീർഷകത്തിൽ** ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ - തിരുവനന്തപുരം/കൊല്ലം /ആലപ്പുഴ /എറണാകുളം/ തൃശൂർ /മലപ്പുറം/ കോഴിക്കോട്/കണ്ണൂർ /കാസർഗോഡ്.
ചീഫ് എഞ്ചിനീയർ , ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി വെൽഫേർ ഫണ്ട് ബോർഡ്, തൃശൂർ.
മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈ കോടതി കേരള എറണാകുളം.
സെക്രട്ടറി കേരള നിയമസഭ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
ഭക്ഷ്യ ഗുണഭോക്തൃ വകുപ്പ്
ഡയറക്ടർ, പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ വിവര പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabitha Shiju
Date: 08-07-2026 15:15:25
സെക്ഷൻ ഓഫീസർ